(i) രണ്ട് പഞ്ചായത്തുകളിൽ കൂടിയെങ്കിലും കടന്നുപോകുന്ന റോഡായിരിക്കണം.

(ii) സ്ഥിരമായ ബസ് സർവ്വീസ് ഉണ്ടായിരിക്കണം.

(iii) രണ്ട് പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളെ ബന്ധിപ്പിക്കുന്നതായിരിക്കണം. വാഹനസാന്ദ്രത, പ്രാദേശിക പിന്നോക്കാവസ്ഥ ഇവയാണ് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പ്രധാനമായും പരിഗണിക്കാറുള്ളത്.

പി.ഡബ്ല്യു.ഡി. ഒഴിച്ചുള്ള മറ്റ് വകുപ്പുകൾ റോഡ് വെട്ടിമുറിക്കുന്നത് ഒഴിവാക്കാൻ നടപടി

30 [5005] ശ്രീ. ലൂഡി ലൂയിസ്:
„ വർക്കല കഹാർ:
„ വി. ഡി. സതീശൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഒഴിച്ചുള്ള ഗവൺമെന്റ് വകുപ്പുകളും ഏജൻസികളും സ്വകാര്യ സംരംഭകരും വിവിധ ആവശ്യങ്ങൾക്കായി റോഡ് വെട്ടിമുറിക്കുകയോ റോഡുവക്കുകൾ കുഴിക്കുകയോ ചെയ്യുമ്പോൾ അവർ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കേണ്ടതായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ചതുരശ്ര മീറ്ററിന് എന്തു തുകയാണ് അടയ്ക്കേണ്ടത്;

(സി) ഈ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്;

(ഡി) ഇക്കഴിഞ്ഞവർഷവും അതിന് മുമ്പിലത്തെ വർഷവും എന്തു തുക ഇപ്രകാരം പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കപ്പെട്ടു;

(ഇ) പ്രസ്തുത തുക പി.ഡബ്ല്യു.ഡി. വർക്കുകൾക്ക് വിനിയോഗിച്ചുവോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, തുക എന്തുചെയ്തു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ വിവര സാങ്കേതിക വികസനത്തിനായി റോഡ് മുറിക്കുന്ന കേരള കമ്മ്യൂണിക്കേഷൻസ്, ഭാരതി, ബി.എസ്.എൻ.എൽ. മുതലായവർ സംസ്ഥാനതലത്തിൽ തീരുമാനിക്കപ്പെട്ട സംവിധാനമനുസരിച്ച് സ്വന്തം ചെലവിൽ പൂർവ്വ സ്ഥിതിയിലാക്കാമെന്ന നിബന്ധനയിൽ തുകയൊന്നും ഒടുക്കാതെ റോഡ് മുറിക്കാൻ അനുവദിച്ചിട്ടുണ്ട്.

(ബി) റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് താഴെ പറയുന്ന നിരക്കിൽ തുക ഈടാക്കിവരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. ടാർ റോഡ് കട്ട് ചെയ്യുന്നതിന് ചതുരശ്രമീറ്ററിന് 440 രൂപ.
2. മെറ്റൽ റോഡ് കട്ട് ചെയ്യുന്നതിന് ചതുരശ്ര മീറ്ററിന് 281 രൂപ.
3. എർത്ത് റോഡ് കട്ട് ചെയ്യുന്നതിന് ചതുരശ്ര മീറ്ററിന് 47 രൂപ.

ദേശീയപാതാവിഭാഗത്തിൽ—

റോഡ് സർഫേസിന് 485.56 രൂപ.
സൈഡ് ബേമിന് 26.86 രൂപ.

(സി) 8443-00-108 പി.ഡബ്ല്യു.ഡി. ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ.

(ഡി) ഈ ഇനത്തിൽ 2001-02-ൽ 9,84,44,164 രൂപയും 2002-03-ൽ 11,03,08,763 രൂപയും സംസ്ഥാന പി.ഡബ്ല്യു.ഡി. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ അടച്ചിട്ടുണ്ട്.

(ഇ, എഫ്) പ്രസ്തുത തുക വെട്ടിക്കുഴിക്കപ്പെട്ട ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു.

റോഡ് കുഴിച്ചുള്ള വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സമിതി

31 [5006] ശ്രീ. എം. വി. ജയരാജൻ:
,, വി. കെ. സി. മമ്മത്കോയ:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ റോഡു കുഴിച്ചുള്ള വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സമിതി രൂപീകരിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശാനുസരണം ഏതെല്ലാം നഗരങ്ങളിൽ ഇപ്പോൾ സമിതി രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് എല്ലാ സ്ഥലത്തും ഇത്തരം സമിതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) റോഡുകുഴിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ തലത്തിലും സ്റ്റേറ്റ് തലത്തിലും സമിതികൾ നിലവിലുണ്ട്.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(നക്ഷത്രചിഹ്നമിടാത്ത 5007-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly